# പതിമൂന്നാം കേരള നിയമസഭ - അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:101 11/06/2012 - ൽ മറുപടിക്ക്

## ഏലത്തൂരിലെ തീരദേശ റോഡുകളുടെ അറ്റകുറ്റപ്പണി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. കെ. ശശീന്ദ്രൻ | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| ഏലത്തൂർ നിയോജക മണ്ഡലത്തിൽപ്പെട്ട തീരദേശ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ ? | ഏലത്തൂർ നിയോജക മണ്ഡലത്തിൽപ്പെട്ട തീരദേശ റോഡുകൾക്കായി ഭരണാനുമതി നൽകിയ എല്ലാ പ്രവൃത്തികൾക്കും ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ട്. 2009-10 വർഷത്തിൽ ഏലത്തൂർ നിയോജകമണ്ഡലത്തിൽപ്പെട്ട 12 തീരദേശ റോഡുകൾക്കായി 76.08 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിൽ 10 റോഡുകളുടെ പ്രവൃത്തി പൂർത്തിയായി. ഇതിനായി 68,89,305 രൂപ ചെലവഴിച്ചിട്ടുണ്ട്. ഒരു പ്രവൃത്തി പുരോഗമിച്ചു വരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എഗ്രീഡ് പി.എ.സി. 4,35,808 രൂപയാണ്. രണ്ടാമത്തെ പ്രവൃത്തിയുടെ ദർഘാസ് പരിഗണനയിലാണ്. ടി പ്രവൃത്തിക്കായി 11.20 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. |

2010-11 വർഷത്തിൽ ടി നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾക്കായി 45 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 37,02,787 രൂപ ചെലവഴിച്ചിട്ടുണ്ട്.

2012-13 വർഷത്തിൽ 7 റോഡുകളുടെ പ്രവൃത്തി നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ